## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3261 — 13.03.2017-ൽ മറുപടിയ്ക്ക്.

### ജനകീയാസൂത്രണത്തിന്റെ ഭാഗമായി നോട്ടീസ് ബോർഡുകൾ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നോട്ടീസ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; എത്ര ബോർഡുകൾ സ്ഥാപിച്ചുവെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (എ) | പുതിയ കൗൺസിൽ വന്നതിനു ശേഷം 25 വാർഡുകളിൽ ജനകീയാസൂത്രണ വാർത്താ ബോർഡുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഒരു വാർഡിൽ 4 ബോർഡുകൾ എന്ന ക്രമത്തിൽ 100 ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി വാർഡുകളിൽ ബോർഡു സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. നഗരസഭയ്ക്ക് ചെലവു വരാത്ത രീതിയിൽ പരസ്യ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലാണ് സ്ഥാപിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ടെൻഡർ നടപടികളിലൂടെയാണോ പ്രസ്തുത ബോർഡ് - സ്ഥാപിക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുത്തത്; ടെൻഡർ ലഭിച്ച ഏജൻസിയുടെ വിശദാംശം നൽകുമോ? | (ബി) | 2000 മുതൽ മുന്ന അസോസിയേറ്റ്സ് എന്ന സ്ഥാപനം മുഖേനയാണ് ജനകീയാസൂത്രണ ബോർഡ് സ്ഥാപിച്ചിരുന്നത്. ടി ഏജൻസി സ്ഥാപിച്ചിരുന്ന ബോർഡുകൾ റോഡ് വികസനത്തിന്റെ ഭാഗമായി കാലപ്പഴക്കത്താൽ നശിച്ചതിനാൽ പുതിയ ബോർഡുകൾ സ്ഥാപിക്കേണ്ടി വന്ന സാഹചര്യത്തിൽ നഗരസഭയ്ക്ക് യാതോരുവിധ ചെലവുമില്ലാതെ ആധുനിക രീതിയിലുള്ള ബോർഡുകൾ സ്ഥാപിക്കാൻ വേണ്ടി ടി ബോർഡിന്റെ നിശ്ചിത ഭാഗത്ത് രേഖപ്പെടുത്തുന്ന പരസ്യത്തിന് പരസ്യ നികുതി നഗരസഭയ്ക്ക് നൽകാമെന്നുമുള്ള ടി സ്ഥാപനത്തിന്റെ ഓഫർ നഗരസഭാ കൗൺസിൽ അംഗീകരിച്ച് ടി സ്ഥാപനത്തിന് പുനർഅനുമതി നൽകുകയാണ് ഉണ്ടായത്. |

**സെക്ഷൻ ഓഫീസർ**